# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.05.2025**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്തിന്റെ രോഗ പ്രതിരോധ മേഖല ലോകോത്തര നിലവാരം പുലർത്തുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

2. മലപ്പുറം കാളികാവിൽ ടാപ്പിംഗ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയെ പിടികൂടാനുള്ള ദൗത്യം പുരോഗമിക്കുന്നു.

3. കോഴിക്കോട് വ്യാപാര സമുച്ചയത്തിൽ വൻ തീപിടുത്തം. തീ അണയ്ക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതം.

4. ആഗോള കത്തോലിക്കാ സഭയുടെ 267-ാമത് മാർപാപ്പയായി ലിയോ പതിനാലാമൻ ഔദ്യോഗികമായി ചുമതലയേറ്റു. സംഘർഷം ഒഴിവാക്കി ഐക്യത്തോടെ മുന്നോട്ടു പോകാൻ ആഹ്വാനം.

5. സംസ്ഥാനത്ത് വരുന്ന അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് 220 റൺ വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&

<u>സർവ്വകക്ഷി സംഘം</u>

അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനത്തിനെതിരെയുള്ള ഇന്ത്യയുടെ നിലപാടും ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലവും വിശദീകരിക്കാൻ വിദേശരാജ്യങ്ങൾ സന്ദർശിക്കുന്ന സംഘത്തിലെ അംഗങ്ങളുടെ

RNU TVPM

പേരുവിവരങ്ങൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നുള്ള എം പി ശശി തരൂർ നേതൃത്വം നൽകുന്ന സംഘം അമേരിക്ക, ബ്രസീൽ, പാനമ തുടങ്ങിയ രാജ്യങ്ങളാണ് സന്ദർശിക്കുക. സിപിഐ എം - എംപി ജോൺ ബ്രിട്ടാസ് ഉൾപ്പെട്ട സംഘം ഇന്തോനേഷ്യ, മലേഷ്യ, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങൾ സന്ദർശിക്കും. മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ഉൾപ്പെട്ട സംഘം ഈജിപ്റ്റ്, ഖത്തർ, എത്യോപ്യ, ദക്ഷിണാഫ്രിക്ക രാജ്യങ്ങളിലേക്കും മുസ്‌ലിം ലീഗ് എം പി - ഇ ടി മുഹമ്മദ് ബഷീർ ഉൾപ്പെട്ട സംഘം യു എ ഇ, കോംഗോ തുടങ്ങിയ രാജ്യങ്ങളിലേക്കും പോകും.

&&&&&&&&&&&&&&&&&&

മുഖ്യമന്ത്രി (ഇൻട്രോ)

*കേരളത്തിന്റെ രോഗ പ്രതിരോധ മേഖല ലോകോത്തര നിലവാരം പുലർത്തുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോവിഡ് മഹാമാരി സമയത്തെ പ്രവർത്തനങ്ങൾ ലോകശ്രദ്ധ നേടിയതായും മുഖ്യമന്ത്രി പറഞ്ഞു. പാലക്കാട് ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യ രംഗത്തെ നേട്ടങ്ങൾ ജനങ്ങളുടെ സഹകരണത്തിലൂടെ ഉണ്ടായതാണെന്നും ശ്രീ പിണറായി വിജയൻ കൂട്ടിച്ചേർത്തു.*

*(ഹോൾഡ് -വോയ്സ്.......)*

RNU TVPM

&&&&&&&&&&&&&&&&&&

എൽസ്റ്റൺ എസ്റ്റേറ്റ്

വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിലെ അതിജീവിതർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. എൽസ്റ്റൺ എസ്റ്റേറ്റിൽ തയ്യാറാവുന്ന ടൗൺഷിപ്പിൽ നിർമ്മിക്കുന്ന മാതൃകാ വീടിന്റെ വാർപ്പ് പൂർത്തിയായതായി സംസ്ഥാന സർക്കാർ അറിയിച്ചു. എൽസ്റ്റൺ എസ്റ്റേറ്റിൽ അഞ്ച് സോണുകളായി തിരിച്ചാണ് നിർമ്മാണം നടക്കുന്നത്.

&&&&&&&&&&&&&&&&&&

## തീപിടുത്തം കോഴിക്കോട്

കോഴിക്കോട് പുതിയ ബസ്സ്റ്റാന്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽസിൽ വൻ തീപിടുത്തം. മാവൂർ റോഡ് ജംഗ്ഷനോട് ചേർന്ന് മുകൾനിലയിലാണ് ടെക്സ്റ്റൈൽ പ്രവർത്തിക്കുന്നത്. നഗരത്തിലെ വിവിധ ഫയർ യൂണിറ്റുകൾ തീ അണയ്ക്കുകയാണ്. തീ ഇനിയും നിയന്ത്രണ വിധേയമായിട്ടില്ല. കോഴിക്കോട് മേയർ ബീനാ ഫിലിപ്പ്, അഹമ്മദ് ദേവർകോവിൽ എം എൽ എ എന്നിവർ സംഭവ സ്ഥലത്തുണ്ട്. സംഭവം ബസ് സ്റ്റാൻറ് പ്രവർത്തനത്തേയും ബാധിച്ചു. കോഴിക്കോട് ദീർഘദൂര ബസുകൾ ഇവിടെന്നിന്നാണ് പുറപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## മലപ്പുറം - കടുവ

മലപ്പുറം കാളികാവിൽ ടാപ്പിംഗ് തൊഴിലാളിയെ കൊലപ്പെടുത്തിയ കടുവയെ പിടികൂടാനുള്ള ദൗത്യം പുരോഗമിക്കുന്നു. വനംവകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് പ്രത്യേക സംഘങ്ങളായി തിരിഞ്ഞാണ് തിരച്ചിൽ. മയക്കുവെടി വെച്ച് പിടികൂടാനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായിട്ടുണ്ട്. കടുവയുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. പ്രദേശത്ത് രണ്ട് കൂടുകളും സ്ഥാപിച്ചിട്ടുണ്ട്.

RNUTVPM

&&&&&&&&&&&&&&&&&&

## കടുവക്കായി തിരച്ചിൽ നടത്തി

അതേസമയം മലപ്പുറം മണിയൻകുന്നിലും കടുവയെ കണ്ടെത്തുന്നതിനുള്ള തിരച്ചിൽ തുടരുന്നു. ഇന്നലെ വൈകിട്ട് കടുവയെ കണ്ടവാർത്ത പ്രചരിച്ചതോടെ പ്രദേശവാസികൾ ഭീതിയിലാവുകയായിരുന്നു. രണ്ടുദിവസം മുമ്പാണ് വളർത്തു നായയെ കടുവ പിടികൂടിയത്.തുടർന്ന് വനം വകുപ്പധികൃതർ സ്ഥലത്ത് ക്യാമ്പ് ചെയ്ത് തിരച്ചിൽ ആരംഭിച്ചു.

&&&&&&&&&&&&&&&&&&

**മാർപാപ്പ-സ്ഥാനാരോഹണം**

ആഗോള കത്തോലിക്കാ സഭയുടെ 267-ാാം മാർപാപ്പയായി ലിയോ പതിനാലാമൻ ഔദ്യോഗികമായി ചുമതലയേറ്റു. വത്തിക്കാൻ സിറ്റിയിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഇന്ത്യൻ സമയം ഉച്ചയ്ക്കാണ് ചടങ്ങ് നടന്നത്. തുറന്ന വാഹനത്തിൽ വത്തിക്കാൻ ചത്വരത്തിലേക്ക് എത്തിയ മാർപാപ്പ വിശ്വാസികളെ ആശീർവദിച്ചു. കുർബാനമധ്യേ വലിയ ഇടയന്റെ വസ്ത്രവും സ്ഥാനമോതിരവും ഏറ്റുവാങ്ങി മാർപാപ്പ സഭയുടെ സാരഥ്യം ഏറ്റെടുത്തു. സംഘർഷം ഒഴിവാക്കി ഐക്യത്തോടെയും സാഹോദര്യത്തോടെയും മുന്നോട്ടുപോകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിവിധ സഭാപ്രതിനിധികളും രാഷ്ട്രത്തലവന്മാരും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി**

RNU TVPM

സാമൂഹിക രംഗത്തിന് വി ടി ഭട്ടതിരിപ്പാട് നൽകിയ സംഭാവനകൾ വലുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പാലക്കാട് യാക്കരയിൽ നിർമിച്ച വി.ടി.ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കലയും സാഹിത്യവും നിലനിൽക്കണമെങ്കിൽ ബൗദ്ധിക ജീവിത സാഹചര്യങ്ങളുടേതായ അടിത്തറ വേണമെന്ന്, അടിയുറച്ചു വിശ്വസിച്ച വ്യക്തിയാണ് വി ടി ഭട്ടതിരിപ്പാടെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&

**സിയാൽ 2.0**

കൊച്ചി വിമാനത്താവളത്തിലെ വിവിധ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതി നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 200 കോടി രൂപ ചെലവിൽ, സൈബർ ഡിഫൻസ് ഓപ്പറേഷൻ സെന്റർ, പരിശോധനയ്ക്കായുള്ള സ്കാനറുകൾ, എ ഐ അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങൾ, നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയാണ് നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

<u>പ്രതിപക്ഷ നേതാവ്</u>

മോഷണക്കുറ്റം ആരോപിച്ച് ദലിത് യുവതിയെ 20 മണിക്കൂർ പൊലീസ് സ്റ്റേഷനിൽ മാനസികമായി പീഡിപ്പിച്ച സംഭവത്തിൽ കർശന നിയമ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. തിരുവനന്തപുരം പേരൂർക്കട സ്റ്റേഷനിലെ പൊലീസിനെതിരെ ഗുരുതര ആരോപണങ്ങളാണ് ഉള്ളതെന്നും അമിത രാഷ്ട്രീയവത്ക്കരണമാണ് പൊലീസ് സേനയെ ഇത്തരം അധഃപതനത്തിലേക്ക് എത്തിച്ചതെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

<u>കണ്ണൂർ-**INTRO**</u>

***<u>കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ ഡങ്കിപ്പനി പടരുന്ന സാഹചര്യത്തിൽ പ്രതിരോധ നടപടികൾ ശക്തമാക്കി.</u>***

***<u>വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.</u>***

***<u>(വോയിസ്)</u>***

&&&&&&&&&&&&&&&&&&

<u>കാലാവസ്ഥാ</u>

സംസ്ഥാനത്ത് വരുന്ന അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ,

കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ, അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

&&&&&&&&&&&&&&&&&&

<u>ലക്ഷദ്വീപ്</u>

കർണാടക തീരത്തോട് ചേർന്നുള്ള മധ്യ കിഴക്കൻ അറബിക്കടലിൽ ഈ മാസം 21 ഓടെ ചക്രവാതച്ചുഴി രൂപപ്പെടാൻ സാധ്യതയുള്ളതായി ലക്ഷദ്വീപ് ദുരന്ത നിവാരണ അതോറിറ്റി. ഇതിന്റെ ഫലമായി ഈമാസം 22 ഓടെ ന്യൂനമർദ്ദം രൂപപ്പെടാനും സാധ്യതയുണ്ട്. മറ്റന്നാൾ വരെ മത്സ്യത്തൊഴിലാളികൾ ലക്ഷദ്വീപ് പ്രദേശങ്ങളിൽ കടലിൽ പോകരുത് എന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

RNU TVPM

<u>ആലപ്പുഴ (ഇന്‍ട്രോ)</u>

*<u>ഇത്തവണത്തെ വേനലവധിക്കാലം ആലപ്പുഴയിലെ ടൂറിസം മേഖലയ്ക്ക് വലിയ നേട്ടമാണ് സമ്മാനിച്ചത്. സ്വകാര്യ ടൂറിസം മേഖലയ്ക്ക് മാത്രമല്ല ജലഗതാഗത വകുപ്പിനും സാമ്പത്തിക നേട്ടം ഉണ്ടാക്കി. വേമ്പനാട്ടുകായലിലും കുട്ടനാട്ടിലും സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ സഞ്ചാരികളുടെ വൻതിരക്കാണ് അനുഭവപ്പെടുന്നത്.</u>*

*<u>വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....</u>*

*<u>(ഹോൾഡ് വോയിസ്)</u>*

&&&&&&&&&&&&&&&&&&

<u>സാഫ് ഫുട്ബോൾ</u>

SAFF അണ്ടർ-19 ഫുട്ബോൾ ഫൈനലിൽ അല്പസമയത്തിനകം ഇന്ത്യ ബംഗ്ലാദേശുമായി ഏറ്റുമുട്ടും. അരുണാചൽ പ്രദേശിലെ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം.

&&&&&&&&&&&&&&&&&&

<u>**ഐപിഎൽ**</u>

ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് 220 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ പഞ്ചാബ് നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 219 റൺ നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ രാജസ്ഥാൻ 13.4 ഓവറിൽ 4 വിക്കറ്റ് 145 റൺ നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

RNUTVPM